## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം
## (2025–2026)

# വിദ്യാകിരണം

## അക്കാദമിക മാസ്റ്റർ പ്ലാൻ
## (2025-2026)

**Assisi School for the Blind**

**Kalaketty**

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | അസ്സീസി സ്കൂൾ ഫോർ ദി ബ്ലൈൻഡ്<br>കാളകെട്ടി പി.ഒ.<br>കാഞ്ഞിരപ്പള്ളി 686508<br>കോട്ടയം |
| ഫോൺ | : | 04828 236394 |
| സ്കൂൾ കോഡ് | : | 50003 |
| വിദ്യാഭ്യാസ ഉപജില്ല | : | ഈരാറ്റുപേട്ട |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല | : | കോട്ടയം |
| ബി.ആർ.സി. | : | ഈരാറ്റുപേട്ട |
| ഗ്രാമപഞ്ചായത്ത് | : | കാഞ്ഞിരപ്പള്ളി |
| ബ്ലോക്ക് | : | കാഞ്ഞിരപ്പള്ളി |
| ജില്ല | : | കോട്ടയം |
| നിയമസഭ മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| ലോകസഭ മണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| വില്ലേജ് | : | കാഞ്ഞിരപ്പള്ളി |
| ഇ-മെയിൽ | : | [redacted] |
| വെബ്സൈറ്റ് | : | [redacted] |
| സി. ആർ. സി | : | ഗവ. വി. എച്ച്. എസ്. എസ്. തിടനാട് |
| ഹെഡ്മിസ്ട്രസ് | : | സിസ്റ്റർ. റെൻസി റ്റി.എ. |
| [redacted] | : | **9497071894** |

# ആമുഖം

1968-ൽ കോട്ടയം ജില്ലയിലെ നീർപ്പാറ എന്ന സ്ഥലത്ത് ഞങ്ങളുടെ മാർഗ്ഗദർശിയും സഭാസ്ഥാപകനുമായ മോൺസിഞ്ഞർ ജോസഫ് കെ.ഡബ്ല്യ. തോമസ് കണ്ടത്തിലച്ചൻ സ്ഥാപിച്ച അമലോൽഭവ മാതാവിന്റെ അസ്സീസി സഹോദരികൾ എന്ന സന്യാസ സഭയുടെ നേതൃത്വത്തിൽ അസ്സീസി അന്ധബധിര വിദ്യാലയം സ്ഥാപിതമായി. സ്ഥലപരിമിതി മൂലവും കാഴ്ചപരിമിതി കുട്ടികളുടെ സമഗ്രവികസനവും ഉന്നം വെച്ചുകൊണ്ട് 1993-ൽ നീർപ്പാറയിൽ നിന്നും കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലുള്ള കാളകെട്ടി എന്ന സ്ഥലത്തേക്ക് അസ്സീസി അന്ധവിദ്യാലയം എന്നപേരിൽ സ്കൂൾ മാറ്റി സ്ഥാപിച്ചു. സ്റ്റേറ്റ് സിലബസ് അനുസരിച്ച് 7-ാം ക്ലാസ്സ് വരെയാണ് കുട്ടികൾ ഇവിടെ അദ്ധ്യയനം നടത്തുന്നത്. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി ഏക ദേശം 40-നോടടുത്ത് കുട്ടികൾ ഇപ്പോൾ ഇവിടെ അദ്ധ്യായനം നടത്തുന്നു. 1-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഓരോ ഡിവിഷൻ വീതമാണ് ഉള്ളത്. മെഹസ്കൂൾ പഠനത്തിനായി കുട്ടികൾ ഈ സ്കൂൾ ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് അടുത്തുള്ള എ.എം.എച്ച്.എസ്.എസ്. കാളകെട്ടിയിലും പഠനം നടത്തുന്നു. പാഠ്യവിഷയങ്ങളോ ടൊപ്പം മ്യൂസിക്, ഉപകരണസംഗീതം, മൊബിലിറ്റി ട്രെയിനിംഗ്, ഫിസിക്കൽ എജ്യൂക്കേഷൻ, വർക്ക് എക്സ്പീരിയൻസ് എന്നീ വിഷയങ്ങളിലും പ്രത്യേകം പരിശീലനം നൽകുന്നു. അധ്യാപക അനധ്യാപക തസ്തികകളിലായി 20 പേർ സേവനം അനുഷ്ഠിക്കുന്നു. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി ക്ലാസ്സ് ടെസ്റ്റുകളും നിരന്തര മൂല്യനിർണ്ണയവും നടത്തി വരുന്നു. ക്ലാസ്സ് പി.ടി.എ., എസ്.ആർ.ജി. തുടങ്ങിയവയുടെ കാര്യക്ഷമമായ പ്രവർത്തനം കുട്ടികളുടെ നിലവാരം ഉയർത്തുന്ന തിന് സഹായിക്കുന്നു. സ്പെഷ്യൽ സ്കൂൾ കലോത്സവത്തിലും പ്രവൃത്തി പരിചയമേളയിലും വർഷങ്ങളായി ഉന്നത വിജയം നേടി വരുന്നു. ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ ഈ സ്കൂളിലും സംസ്ഥാനത്തിനകത്തും പുറത്തും ഉയർന്ന തസ്തികയിൽ ജോലി ചെയ്തു വരുന്നു.

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളെ കണ്ടെത്തി കാഴ്ചാ പരിമിതിയെ അതിജീവിച്ച് നൂതനവും സാങ്കേതികവുമായ വിദ്യാഭ്യാസരീതി അവലംബിച്ച് കുട്ടികളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുവാനുള്ള പരിശീലനപരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് കാഴ്ചാവൈകല്യമുള്ള കുട്ടികളെ മുഖ്യധാരയിൽ ഉത്തമ പൗരന്മാരായി വാർത്തെടുക്കുവാനുള്ള അസ്സീസി അന്ധവിദ്യാലയത്തിന്റെ വരുംകാല പ്രവർത്തന രീതികളെക്കുറിച്ചും അതിന്റെ അവലോകനങ്ങളെക്കുറിച്ചും ഉള്ള സമഗ്രമായ ഒരു രൂപരേഖയാണ് *"വിദ്യാകിരണം -2025-26'* എന്നതുകൊണ്ട് ഞങ്ങൾ വിവക്ഷിക്കുന്നത്.

ജ്ഞാനത്തെ വിരൽത്തുമ്പിലൂടെ സ്വായത്തമാക്കി അറിവിന്റെ ലോകത്തിലേക്ക് കടന്നു വരുന്നവരായ കുട്ടികളാണ് അസ്സീസി അന്ധവിദ്യാലയത്തിലൂടെ കടന്നുപോകുന്നത്.

# പൊതുലക്ഷ്യങ്ങൾ

മത്സരാധിഷ്ഠിതലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യസമൂഹത്തിന്റെ മുന്നോട്ട് പോകുന്നതിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാകാൻ സഹായകമായ പഠന പ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുക എന്നതാണ് മുഖ്യലക്ഷ്യം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്വായത്തമാക്കാൻ കഴിയത്തക്കരീതിയിൽ നമ്മുടെ സ്കൂളിലും പഠന പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു. അക്കാദമിക രംഗം മെച്ചപ്പെടുത്തുക എന്നതാണ് പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അതിലേയ്ക്ക് പ്രധാനമായത് ഭാഷാശേഷി വികസിപ്പിക്കുക, ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളെയും ബ്രയിലിൽ എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്നതാണ്. ബ്രയിൽ ലിപി പരിശീലനത്തിലൂടെ സാധാരണ കുട്ടികളെപ്പോലെ മലയാള ഭാഷയെ സ്വായത്തമാക്കുവാൻ സാധിക്കുന്നു.

ഇംഗ്ലീഷ് പഠനം എളുപ്പമാക്കാൻ വാക്കുകൾ, വാക്യങ്ങൾ, അർത്ഥങ്ങൾ, ഗ്രാമറുകൾ എല്ലാം അടിസ്ഥാനമായി പഠിപ്പിക്കുന്നു. ഗണിത പഠനം എളുപ്പമാക്കുവാൻ പ്രത്യേകം രൂപകൽപ്പന ചെയ്ത ടെയിലർ ഫ്രെയിം (സ്ളേറ്റ്) അബാക്കസ് ഗണിതകിറ്റ്, ഐ.റ്റി.സി., എല്ലാത്തിന്റെയും സഹായം പ്രയോജനപ്പെടുത്തുന്നു. കാഴ്ച പരിമിതർക്ക് ഉതകും തരത്തിലുള്ള കമ്പ്യൂട്ടർ സോഫ്ട്വെയറുകൾ, ശാരാദാബ്രയിൽ ഇവയുടെ സഹായത്തോടെ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനാൽ കുട്ടികളുടെ പഠനം ആധുനിക സാങ്കേതികവിദ്യയുമായി യോജിപ്പിക്കാൻ സാധിക്കുന്നു. എല്ലാ വിഷയങ്ങൾക്കും ഉയർന്ന നിലവാരം ഉയർത്തുക എന്നതാണ് പ്രധാന ലക്ഷ്യം.

ഓരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തി പരിശീലിപ്പിക്കുന്നു. കലാ-കായിക പ്രവൃത്തി പഠന രംഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുവാൻ ലക്ഷ്യം വച്ചിരിക്കുന്നു. എസ്.ആർ.ജി., ക്ലാസ്സ് പി.ടി.എ., പി.റ്റി.എ. എന്നീ മേഖലകളുടെ കാര്യമായ ഇടപെടൽ ഉണ്ടാകത്തക്ക രീതിയിൽ സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യം വച്ചിരിക്കുന്നു.

കാഴ്ച പരിമിതിയെ അതിജീവിക്കാൻ ഉതകത്തക്ക രീതിയിൽ സ്കൂളിന് പുറത്തും കുട്ടികളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി നിരവധിയായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യം വച്ചുകൊണ്ട് സ്പെഷ്യൽ സ്കൂൾ എന്ന മഹത്വം കാത്തുസൂക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

# അക്കാദമിക പ്രവർത്തനങ്ങൾ

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയിൽ സൂക്ഷ്മതലത്തിലുള്ള ആസൂത്രണത്തിന് സഹായമാകത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. കാഴ്ച പരിമിതിയുള്ള കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യം വച്ച് ബ്രയിൽ ലിപി പരിശീലനം നടപ്പാക്കിയിരിക്കുന്നു. എല്ലാവരും എഴുതുക, വായിക്കുക എന്ന കാഴ്ചപ്പാടോടെ രാവിലെ എട്ടുമണി മുതൽ ബ്രയിൽ പഠിപ്പിക്കുന്നു. ബ്രയിൽ ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വായനാശീലം കുട്ടികളിൽ വളർത്തി എടുക്കാൻ കഴിയുന്നു. വിവിധ വിഷയങ്ങളുടെ പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കാൻ അതാത് വിഷയങ്ങളുടെ ക്ലബ്ബ് രൂപീകരിച്ച് ചുമതലകൾ ഏൽപ്പിച്ചിരിക്കുന്നു. എല്ലാ പ്രധാനദിനാചരണങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കലാ-കായിക പ്രവൃത്തി പഠനത്തിലും കുട്ടികളെ മുൻപന്തിയിൽ എത്തിക്കാൻ ഉതകത്തക്ക രീതിയിൽ ക്ലാസ്സുകൾ ക്രമപ്പെടുത്തിയിരിക്കുന്നു. ഡാൻസ് പഠിപ്പിക്കുന്ന തിനായി പ്രത്യേകം പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തു ന്നു. ഈശ്വര വിശ്വാസത്തിൽ കുട്ടികൾ വളരുന്നതിനായി - മതബോധനവും, വ്യക്തിത്വമുള്ള നല്ല തലമുറയെ വാർത്തെടുക്കാൻ ഉതകുന്നതിനായി സൻമാർഗ്ഗ പഠനവും രാവിലെ പ്രത്യേക സമയം കണ്ടെത്തി പഠിപ്പിക്കുന്നു. എല്ലാ മാസവും ക്ലാസ്സ് ടെസ്റ്റും ക്ലാസ്സ് പി.ടി.എ.യും നടത്തി കുട്ടികളെ വിലയിരുത്തി അക്കാദമിക രംഗം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയുന്നു.

## വായനാശീലം

വായനാശീലം വളർത്തി എടുക്കുവാനായി ലൈബ്രറി വികസനം നടപ്പാക്കി കുട്ടികൾക്ക് അവരുടെ പ്രായത്തിന് ഉതകത്തക്കരീതിയിൽ പുസ്തകങ്ങൾ കൊടുക്കു ന്നു. ബ്രയിലിൽ തയ്യാറാക്കിയ കഥ, കവിത, ഉപന്യാസം എന്നിവ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

## കമ്പ്യൂട്ടർ പഠനം

കാഴ്ച പരിമിതിയെ അതിജീവിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ പരിശീലിക്കുന്നതിന്റെ ഭാഗമായിട്ടും പ്രത്യേക സോഫ്റ്റ് വെയറിന്റെ (ശാരദാ ബ്രയിൽ) സഹായത്താൽ കമ്പ്യൂട്ടർ പഠനവും നടത്തിക്കൊണ്ട് അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കുന്നു.

## അസംബ്ലി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആഴ്ചയിൽ മൂന്നു ദിവസം മൂന്ന് ഭാഷകളിൽ (ഇംഗ്ലീഷ്, മലയാളം, ഹിന്ദി) അസംബ്ലി നടത്തുന്നു. ഒരു വിദ്യാലയത്തിന്റെ അച്ചടക്കം ഈ അസംബ്ലിയിൽ ലഭിക്കുന്നു. 9.40 ന് അദ്ധ്യാപകരും കുട്ടികളും ഒന്നിച്ചുനിന്ന് പ്രാർത്ഥന ചൊല്ലുകയും, തുടർന്ന് ചിട്ടയായി ലൈൻ ആയി കുട്ടികൾ നിന്ന് പ്രഭാത പ്രാർത്ഥന, പ്രഭാത ഗീതം, പ്രതിജ്ഞ ഇവ ചൊല്ലുകയും തുടർന്ന് പത്രപാരായണവും നടത്തുന്നു. കുട്ടികളുടെ ആലസ്യം മാറ്റുവാനായി മാസ് ഡ്രിൽ ചെയ്തുകൊണ്ട് അന്നേ ദിവസത്തിന് തുടക്കം കുറിക്കുന്നു.

## വ്യക്തി ശുചിത്വം

കുട്ടികളിൽ ശുചിത്വശീലം വളർത്തി എടുക്കുവാനായി എല്ലാ ആഴ്ചയിലും ഹെൽത്ത് ക്ലബ്ബ്-ന്റെ ആഭിമുഖ്യത്തിൽ ശുചിത്വ പ്രവർത്തനം നടത്തുന്നു. നഖം വെട്ടൽ, തലചീകൽ, കയ്യും മുഖവും കഴുകൽ, പല്ലുതേയ്ക്കൽ, കുളി, ടോയ്‌ലറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ അദ്ധ്യാപകരുടെ സഹായത്താൽ നടത്തി വരുന്നു. ആരോഗ്യ-കായിക വിദ്യാഭ്യാസവും നല്ല ശീലങ്ങളും വളർത്തി എടുക്കാൻ കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## (2025-2026)

**മേഖല : അക്കാദമികം** **ഉപമേഖല : സ്കൂൾ മികവിന്റെ കേന്ദ്രമാകാൻ**

| ഉദ്ദേശ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| 1) Low Vision കുട്ടികൾക്കുള്ള പഠനാന്തരീക്ഷം ക്ലാസ്സിലും സ്കൂളിലും ഒരുക്കൽ (ഇതിനായി clinical and functional vision amenment നടത്തി ആവശ്യമായ optical-non optical ഉപകരണങ്ങൾ ഒരുക്കുന്നു) | Low Vision friendly School<br>* ഇഷിഹാര ടെസ്റ്റ്<br>* Snellan Chart<br>* Magnifiers<br>* Large Print<br>* Typo Scope | 2 മാസം<br>ജൂൺ-ജൂലൈ | 2000 | സ്റ്റാഫ് ഫണ്ട് |
| 2) പ്രൈമറി ക്ലാസ്സിലെ കുട്ടികളുടെ ബ്രെയിൽ പഠനം സുഗമമാക്കൽ<br>Pre Braille Kitതയ്യാറാക്കൽ | * Pre Braille Kit<br>* നിർമ്മാണ ശില്പശാല<br>* വിവിധ വസ്തുക്കൾ തരംതിരിക്കൽ<br>* Rough - Smooth<br>* Big - Small<br>* Texture Album | 1 മാസം<br>ജൂൺ | 2000 | സ്റ്റാഫ് ഫണ്ട് |
| 3) വിവിധ ശേഷികളുടെ വികസനം | **<u>ദിനാചരണം</u>**<br>* ജൂൺ മുതൽ മാർച്ച് വരെ ദീനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദീവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | | SRG |

**മേഖല : അക്കാദമികം** **ഉപമേഖല : സ്കൂൾ മികവിന്റെ കേന്ദ്രമാകാൻ**

| ഉദ്ദേശ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| 4) DLS - ലാബ്<br>DLSനുള്ള പരിശീലനം VI കുട്ടികൾക്ക് നൽകാൻ വേണ്ട ഉപകരണങ്ങൾ സജ്ജീകരിക്കൽ DLS Bond നിർമ്മിക്കുന്നു. | DLS - ലാബ്<br>* വ്യക്തിത്വപരിശീലനം<br>തല ചീകുന്നത്, കുളിക്കുന്നത്<br>* Toiletting Skills, Washing & Cleaning, Dressing & Home Economics<br>* Cooking<br>* Grooming<br>* School Activities | 1 മാസം | 2000 | |
| 5) വിദ്യാലയ കെട്ടിടം തന്നെ പഠനോപകരണം എന്ന നിലയിൽ സജ്ജമാക്കുന്നു. | * BALA (Building as Learning Aid)<br>* ഗണിത-ശാസ്ത്ര ചിഹ്നങ്ങൾ, സൂചകങ്ങൾ എന്നിവ സ്പർശരീതിയിൽ സ്കൂൾ കെട്ടിടത്തിൽ ഉടനീളം ആലേഖനം ചെയ്യപ്പെടും | 6 മാസം | 1 ലക്ഷം | Wellwishers |
| 6) VI കുട്ടികളുടെ സുരക്ഷിതവും സ്വതന്ത്രവുമായ സഞ്ചാരം സാധ്യമാക്കുന്നതിന് പരിശീലനം | Orientation and Mobility | 10 മാസം | | |
| 7) ശാരീരിക കായികക്ഷമത | * ക്രിക്കറ്റ് ഗ്രൗണ്ട്, ക്രിക്കറ്റ് പരിശീലനം, നീന്തൽ പരിശീലനം, ടേബിൾ ടെന്നീസ്, ഫിസിയോതെറാപ്പി | വർഷത്തിൽ ഒന്ന് | | |

**മേഖല : അക്കാദമികം** **ഉപമേഖല : സ്കൂൾ മികവിന്റെ കേന്ദ്രമാകാൻ**

| ഉദ്ദേശ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| 8) ബഹുവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടുന്ന പരിശീലനം | MD Resource Room<br>* തെറാപ്പിസ്റ്റുകളുടെ സേവനം<br>* ആവശ്യമായ പഠനോപകരണങ്ങൾ | 3 മാസം | 50000 | Wellwishers |
| 9) ആധുനിക .................... devices കളുടെ ശേഖരണം, ഉപയോഗം | * മോഡണൈസേഷൻ ഓഫ് അസിസ്റ്റീവ് ഡിവൈസസ് റൂം | | | |
| 10)കെട്ടിടങ്ങളും ക്ലാസ്സ് മുറികളും നടപ്പാതകളും കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് തിരിച്ചറിയാവുന്ന രീതിയിലാക്കുന്നു | Blind Friendly School | 10 മാസം | | |
| 11) അനുരൂപീകൃത സിലബസോടുകൂടി പ്രീ-സ്കൂൾ അദ്ധ്യായനം | പ്രത്യേക സിലബസോടുകൂടിയ പ്രീ-സ്കൂൾ | 10 മാസം | | |
| 12) ഭിന്നശേഷി സൗഹൃദം | Lift, Lamp, Furniture | ജൂൺ | | |

**മേഖല : അക്കാദമികം** **ഉപമേഖല : സ്കൂൾ മികവിന്റെ കേന്ദ്രമാകാൻ**

| ഉദ്ദേശ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| 13) കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഓരോ മാസവും സ്കൂൾ മാഗസിൻ | | വർഷത്തിൽ ഒന്ന് | | |
| 14) VI കുട്ടികളുടെ ഫിസിക്കൽ ഫിറ്റ്നസ്സിനും വെൽനസ്സിനും ആവശ്യമായ പരിശീലനവും പ്രവർത്തനവും | Healthy Student | 3 മാസം | | |
| 15) ലൈബ്രറി<br>അധിക വായനയ്ക്കുള്ള സാമഗ്രികളുടെ നിർമ്മാണം | വായനാസാമഗ്രികളുടെ നിർമ്മാണം<br>Audio Library | 1 മാസം<br>ജൂലൈ | | |
| 16) സ്കൂൾതലത്തിൽ അനുരൂപീകൃത കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ശാസ്ത്രമേള, ഗണിതമേള, ഐ.ടി. മേള, പ്രവർത്തിപരിചയം മേളകളിൽ പങ്കെടുക്കൽ | * തൊഴിൽ വിദ്യാഭ്യാസം<br>* കൈത്തൊഴിലുകൾ<br>* സംഖ്യാകാർഡ് നിർമ്മാണം<br>* കമ്പ്യൂട്ടർ പരിശീലനം | 9 മാസം | | |

**മേഖല : അക്കാദമികം** **ഉപമേഖല : സ്കൂൾ മികവിന്റെ കേന്ദ്രമാകാൻ**

| ഉദ്ദേശ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|
| 17) സാമൂഹ്യവത്കരണം | * ചെസ്സ് മത്സരം<br>* ക്വിസ് മത്സരം<br>* ക്രക്കറ്റ് മത്സരം<br>* കവിതാ മതാസരം | 7 മാസം | | Wellwishers |
| 18) Low Vision<br>കുട്ടികൾക്ക് അക്ഷരം പഠിക്കാൻ Large Print, Low Visions Equipment | * കുട്ടികൽക്ക് വായന കാർഡ് നൽകുക. അതിൽ നിന്നും അക്ഷരങ്ങൾ കണ്ടിപിടിച്ച് എഴുതുന്നു. | 6 മാസം | | ടീച്ചേഴ്സ് |

## തനതു പ്രവർത്തനങ്ങൾ

1) പ്രാദേശിക ചരിത്ര സെമിനാർ – ഈ പ്രദേശത്തെ ചരിത്ര പ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കുന്നതിന് വിദഗ്ദ്ധരുടെ നേതൃത്വത്തിൽ സെമിനാർ നടത്തുകയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു.

2) Easy English - ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം പരിപോഷിപ്പിക്കാൻ പ്രത്യേക ക്ലാസ്സ് (ചൊവ്വ, ബുധൻ)

3) കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനായി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു.

4) അബാക്കസ് പരിശീലനം

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * പ്രീ-ടെസ്റ്റ്<br>* ബ്രയിലി വർക്ക് ഷീറ്റ് ഉപയോഗപ്പെടുത്തി കുട്ടികളുടെ പദസമ്പത്ത് വിലയിരുത്തുന്നു. | 2 മാസം | പുസ്തകങ്ങൾ | ബി.ആർ.സി.<br>പി.ടി.എ. |
| ഭാഷാനൈപുണി വികസിപ്പിക്കൽ | * അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് ഇവ നൽകി അക്ഷരങ്ങൾ ഉറപ്പിക്കുന്നു. അക്ഷരങ്ങൾ നൽകി വാക്കുകൾ നിർമ്മിക്കുന്നു. വിവിധ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. സൂചനയുടെ അടിസ്ഥാനത്തിൽ അടിക്കുറിപ്പ്, കഥപറയൽ, കഥബാക്കി എഴുതൽ, കഥാപുസ്തകങ്ങൾ നൽകി കഥാപാത്രങ്ങളെ പരിചയപ്പെടൽ, നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാക്യങ്ങൾ നിർമ്മിക്കൽ, ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്, കഥ സങ്കൽപ്പിച്ച് പറയുക, കാവ്യകേളി, കടങ്കഥ പയറ്റ്, പഴഞ്ചൊല്ലുകൾ, അക്ഷരശ്ലോകം, നാവു വഴങ്ങുമോ ? (ഒറ്റ ശ്വാസത്തിൽ പറയുക) പ്രവർത്തനങ്ങൾ ഇവയിലൂടെ അക്ഷരം, വാക്യം ഉറപ്പിക്കൽ നടത്തുന്നു. | 6 മാസം | സി.ഡി.<br>ക്ലാസ്സ് ലൈബ്രറി | ബി.ആർ.സി. |
| | കാവ്യോത്സവം, റീഡേഴ്സ് തീയേറ്റർ | ജൂൺ | | |

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാര നാക്കൽ | * ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>* വായനാമൂല, ക്ലാസ്സ്, ലൈബ്രറി നവീകരിക്കൽ, ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കൽ കഥാകഥനം, കവിതാപാരായണം, നിമിഷകവിത വായനോത്സവം സംഘടിപ്പിക്കൽ | 2 മാസം | ക്ലാസ് ലൈബ്രറി | ബി.ആർ.സി.<br>ഡി.ഐ.ഇ.റ്റി. |
| | * പത്ര വായന<br>* പുസ്തക ചർച്ച | എല്ലാ ദിവസവും | മലയാളം അധ്യാപകൻ പത്രങ്ങൾ | |
| | * വായനാനുഭവം പങ്കുവയ്ക്കൽ | 1 മാസം | | |
| | * ബ്രെയിൽ വായനാക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ്<br>* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം (ഉപന്യാസം, പ്രസംഗം) സ്കൂൾ സഭ, ബാലസഭ ദിനാചരണങ്ങൾ | | ആനുകാലിക പ്രസിദ്ധീകരണ ങ്ങൾ, വായനാമുറി | |
| | * അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ആസ്പദമാക്കി ക്വിസ് മത്സരം<br>* ആകാശവാണി ക്ലബ്, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | മാസത്തിൽ ഒന്ന് | മലയാളം ക്ലബ്ബ് | |
| സമകാലിക | * ഉത്തരപ്പട്ടി (സമകാലീക സംഭവങ്ങളും പൊതു വിജ്ഞാനവും ഉൾപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. | ആഴ്ചയിൽ ഒന്ന് | ഭാഷ ക്ലബ്ബ് | |

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കാൻ | * എഴുത്തുകൂട്ടം - കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വ്യക്തിഗത രചന, സംഘരചന ഇവ നടത്തുന്നു.<br><br>* അക്ഷരം ഉറപ്പിക്കാൻ വസ്തുക്കളുടെ രൂപങ്ങൾ നൽകി അവയുടെ പേര് എഴുതിക്കുന്നു. കേട്ടെഴുത്ത് നടത്തുന്നു. ചെറിയ വാക്കുകൾ കൂട്ടിച്ചേർത്ത് വാചകങ്ങളാക്കുന്നു.<br><br>* തന്നിരിക്കുന്ന വാചകങ്ങളെ അർത്ഥവ്യത്യാസം വരാത്തവിധത്തിൽ മാറ്റിയെഴുതിക്കുന്നു. മറ്റുള്ളവർ എഴുതിയവ വായിക്കാനും തെറ്റ് തിരുത്തിയെഴുതാനും അവസരം.<br><br>* പുസ്തക ചർച്ച, കുട്ടികൾ പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | 6 മാസം | ലൈബ്രറി<br><br>പുസ്തകങ്ങൾ | ബി.ആർ.സി.<br>പി.ടി.എ. |
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | * ഇ-കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും, ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | വർഷാവസാനം | മലയാളം അദ്ധ്യാപകർ | |

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല/ ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കൽ | * ഭാഷാ പ്രോജക്ടുകൾ<br>* ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായ് ഭാഷാ പ്രോജക്ടുകൾ തയ്യാറാക്കുന്നു. (പാഠപുസ്തകവുമായ് ബന്ധപ്പെട്ടത്) | | ക്ലാസ്സ് ലീഡർ | ഭാഷാ അധ്യാപകർ |
| സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂലമനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക | * രചയിതാക്കളെ പരിചയപ്പെടൽ<br>കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുക. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, കുറിപ്പ് തയ്യാറാക്കൽ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് ഇവരുടെ ജനന മരണ ദിനങ്ങൾ രേഖപ്പെടുത്തി അവതരണം. | ഓഡിറ്റോറിയം | ജീവചരിത്ര പുസ്തകങ്ങൾ | ബി.ആർ. സി. |
| | * സാഹിത്യ സാംസ്ക്കാരിക ചിത്രഗ്യാലറി<br>സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, കവിതകൾ ഇവയുടെ ശേഖരണം, പ്രദർശനം. | | | |
| | * പ്രോജക്ട് - ഭാഷയുമായി ബന്ധപ്പെട്ട സി.ഡി., ഐ.സി.റ്റി സാധ്യത എന്നിവ സജ്ജീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഫോട്ടോകൾ<br>പുസ്തകങ്ങൾ | പി.റ്റി.എ. ടീച്ചേഴ്സ് |

**മേഖല : അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | * പ്രീ-ടെസ്റ്റ് നടത്തുന്നു. അക്ഷരം ഉറപ്പിക്കൽ, അക്ഷരകാർഡ് നൽകൽ<br>* വാക്കുകൾ എഴുതിയ കാർഡ് നൽകൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ<br>* ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കൽ, കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. ഇംഗ്ലീഷ് ഭാഷപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ്<br>* കാർട്ടൂൺ പ്രദർശനം<br>* ഇംഗ്ലീഷ് ബാലസഭ<br>Follow me - 17 you can | ജൂൺ<br>ജൂലൈ<br>പ്രതിമാസം<br>മാസത്തിൽ ഒന്ന് | | |
| കുട്ടിയെ മികച്ച വായനക്കാരനാക്കാൻ | * ഇംഗ്ലീഷ് കോർണർ<br>* ക്ലാസ് റൂമിൽ ഇംഗ്ലീഷ് ബ്രയിലി പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>* എംപോസ്ഡ് (ബ്രെയിൽ ലിപി) ഇംഗ്ലീഷ്, മലയാളം<br>ഹിന്ദി അക്ഷരങ്ങൾ, ചിത്രങ്ങൾ സ്കൂൾ വരാന്തയിൽ നിർമ്മിക്കുന്നു.<br>* വാർത്ത വായന, ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ആഗസ്റ്റ്<br>1 വർഷം<br>പി.റ്റി.എ.<br>മാസത്തിൽ ഒന്ന് | | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം | * സിനിമാപ്രദർശനം | 2 മാസം | ഇംഗ്ലീഷ് ടീച്ചർ | |

**മേഖല : അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാര നാക്കാൻ | * ഇംഗ്ലീഷ് അസംബ്ലി<br>* ആഴ്ചയിൽ രണ്ടുദിവസം അധ്യാപകൻ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു.<br>* ഇംഗ്ലീഷ് ഡയറി | പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ |
| English തീയേറ്റർ (ഭാഷാപഠനം)<br><br>സർഗ്ഗാത്മകതാ പരിപോഷണം | * ഓരോ ദിവസവും വിദ്യാലയത്തിൽ നടക്കുന്ന സംഭവ ങ്ങളുടെ ചുരുക്കം എഴുതുന്നു. ഡയറിക്കുറിപ്പ്<br>* പാഠപുസ്തക ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി അവതരിപ്പിക്കുക. (കോൺവർസേഷൻ)<br>* ഇംഗ്ലീഷ് ബുള്ളറ്റിൻ, Story Teeling<br>* ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കുന്നു. (ഓണം, ക്രിസ്തുമസ്)<br>* കത്ത് എഴുത്ത്, Skit, മാഗസിൻ | മൂന്ന് മാസത്തിൽ ഒരിക്കൽ | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴു താനുള്ള ശേഷി | * നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ<br>* ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൂ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ |

**മേഖല : അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചന മികവ് | * സ്കൂളിലെ മറ്റ് കുട്ടികളുമായി ആശയവിനിമയം നടത്തുന്നു. (വീട്ടിലെ വിശേഷം, ക്ലാസ്സിലെ വിശേഷം)<br>* കുട്ടികൾ ഇംഗ്ലീഷ് സംസാരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു. തെറ്റ് കൂടാതെ പറയുന്നവർക്ക് സമ്മാനം നൽകുന്നു. | | ഇംഗ്ലീഷ് ടീച്ചർ |
| ഗ്രാമർ സ്കൂൾ | * അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസ്സ് | | |
| ഇംഗ്ലീഷ് കോർണർ<br><br>അടിസ്ഥാന ഭാഷാ ശേഷി വികസനം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസതകങ്ങൾ ഉൾക്കൊള്ളിച്ച് വായന മൂല ഒരുക്കൽ വായനാക്കുറിപ്പ്, പുസ്തകപരിചയം, വായനാവേള<br><br>* ഭാഷകളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടികൂട്ടങ്ങൾ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ |

**മേഖല : അക്കാദമികം** **ഉപമേഖല : ഹിന്ദി ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും കഥ പറയാനും പ്രസംഗിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | * പദകാർഡ് പരിചയപ്പെടുത്തൽ | ജൂൺ | ഹിന്ദി ടീച്ചർ |
| | * വാക്കുകൾ നിർമ്മിക്കൽ<br>* വാക്യങ്ങൾ നിർമ്മിക്കൽ | ജൂലൈ | ഹിന്ദി ടീച്ചർ |
| | * കഥ പുസ്തകങ്ങൾ നൽകൽ<br>* സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഹിന്ദിഭാഷ പരിചയപ്പെടുത്തൽ | ആഗസ്റ്റ് | ഹിന്ദി ടീച്ചർ |
| ഹിന്ദി വായിക്കാൻ ശേഷി നൽകൽ | * വായനക്കൂട്ടം<br>* വായനശാല<br>* ഹിന്ദിദിനം ആചരിക്കൽ | സെപ്റ്റംബർ | ഹിന്ദി ടീച്ചർ |
| | * ക്ലാസ്സിൽ ഹിന്ദി പുസ്തക ലൈബ്രറി രൂപീകരിക്കൽ<br>* വായന ഉത്സവം<br>* പുസ്തക ചർച്ച | ഒക്ടോബർ | ഹിന്ദി ടീച്ചർ |
| | * ഹിന്ദി അസംബ്ലി<br>* വായന സാമഗ്രികൾ വികസിപ്പിക്കൽ | നവംബർ | ഹിന്ദി ടീച്ചർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | * ഹിന്ദി ഡയറി തയ്യാറാക്കൽ<br>* ഹിന്ദിയിൽ പോസ്റ്റർ തയ്യാറാക്കൽ | | |
| | * മലയാള കഥകൾ, ഹിന്ദിയിൽ പകർത്തൽ<br>* രക്ഷിതാക്കളെ പരിചയപ്പെടൽ | ജനുവരി | ഹിന്ദി ടീച്ചർ |
| | * ഹിന്ദിയിൽ കത്ത് എഴുതൽ | മാർച്ച് | ഹിന്ദി ടീച്ചർ |

**മേഖല : അക്കാദമികം** **ഉപമേഖല : അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്ര പഠനത്തിൽ താൽപ്പര്യം വളർത്തുക, നിരീക്ഷണ പാടവം, ശാസ്ത്രീയവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക | * സസ്യങ്ങളെ നിരീക്ഷിച്ച് തരം തിരിക്കുന്നു<br>* ഇലകളുടെ വിന്യാസം മനസ്സിലാക്കുന്നു<br>* പൂക്കളുടെ വിത്യാസങ്ങൾ, നിറങ്ങൾ, മണമുള്ളവ, മണമില്ലാത്തവ എന്നിവ തിരിച്ചറിയുന്നു<br><br>* വിത്തുകളുടെ വ്യത്യാസങ്ങൾ, ഒരു വിത്തുള്ളവ, ഒന്നിൽ കൂടുതതൽ വിത്ത് ഉള്ളവ കണ്ടെത്തുന്നു, തിരിച്ചറിയുന്നു<br>* പൂക്കാത്തതും കായ്ക്കാത്തതുമായ ചെടികളെ തിരിച്ചറിയുന്നു.<br>* വേരുകളുടെ വ്യത്യാസം, തായ്‌വേര്, നാരുവേര് എന്നിവ കണ്ടെത്തുന്നു.<br>* ഇരപിടിയൻ സസ്യങ്ങള തിരിച്ചറിയുന്നു, ഐസി.റ്റി സാദ്ധ്യത പ്രയോജനപ്പെടുത്തുന്നു.<br>* പരാഗണരീതി, പരാഗണകാരികൾ എന്നിവ മനസ്സിലാക്കുന്നു.<br>* കായിക പ്രജനനം, ലൈംഗിക പ്രജനനം എന്നിവയിലൂടെ പുതിയ സസ്യങ്ങളുടെ ഉല്പ്പാദനം തിരിച്ചറിയുന്നു.<br><br>* പക്ഷികളുടേയും, സസ്യങ്ങളുടേയും ശബ്ദങ്ങൾ തിരിച്ചറിയുന്നു, അനുകരിക്കുന്നു.<br>* പക്ഷികളുടെ തൂവലുകൾ ശേഖരിക്കുന്നു, വ്യത്യസ്ത തൂവലുകൾ സ്പർശനത്തിലൂടെ തിരിച്ചറിയുന്നു | ജൂൺ 10<br><br>ജൂലൈ<br><br>ജൂലൈ 15 ന് ശേഷം | ശാസ്ത്ര അദ്ധ്യാപിക | |

**മേഖല : അക്കാദമികം** **ഉപമേഖല : അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുന്നു. | * പ്രകൃതിയിലേക്കുള്ള പഠനയാത്ര<br>* ആരോഗ്യവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വ്യക്തിപരവും സമൂഹപരവുമായ ശുചിത്വ ബോധവൽക്കരണം, പോസ്റ്റർ നിർമ്മാണം<br>* പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പ്ലാസ്റ്റിക് പുനരുപയോഗ സാദ്ധ്യതകളെക്കുറിച്ച് ബോധവൽക്കരണം | ആഗസ്റ്റ് | പി.ടി.എ<br><br>എസ്.ആർ.ജി. | |
| 2. പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും, പ്രകൃതിവിഭവ സംരക്ഷണം<br>3. ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | * ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം<br>* ഔഷധത്തോട്ട നിർമ്മാണം<br>* ശലഭോദ്യാനം<br>* ശാസ്ത്രവിഷയവുമായ് ബന്ധപ്പെട്ട ക്വിസ് സെമിനാർ, പ്രസംഗങ്ങൾ<br>* സസ്യങ്ങളുടെ ആൽബം തയ്യാറാക്കൽ<br>* ജൈവവളങ്ങൾ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി ജൈവവളം നിർമ്മിക്കൽ<br>* ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, റാലി,പോസ്റ്റർ നിർമ്മാണം, സെമിനാർ, ബോധവൽക്കരണ ക്ലാസ്സ്<br>* കാടനുഭവം, വെള്ളച്ചാട്ടം അനുഭവം, കാട്ടിലേയ്ക്ക് ഒരു യാത്ര വെള്ളച്ചാട്ടം കാണാൻ | ആഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ | | |

**മേഖല : അക്കാദമികം** **ഉപമേഖല : അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| . ശാസ്ത്രീയ ശേഷി വളർത്തിയെടുക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത്. | * ബുള്ളറ്റിൻ ബോർഡ്<br>* കൃഷി സാദ്ധ്യത തിരിച്ചറിയൽ<br>* കൃഷിയോടുള്ള ആഭിമുഖ്യം വലർത്തുന്നതിനു വേണ്ടി കർഷകരുമായിട്ടുള്ള അഭിമുഖം<br>* കൃഷി പതിപ്പ് തയ്യാറാക്കൽ<br>* കൃഷിയുമായ് ബന്ധപ്പെട്ട കവിതകൾ, പഴഞ്ചൊല്ലുകൾ ശേഖരിക്കൽ, അവതരിപ്പിക്കൽ<br>* പരിസ്ഥിതി ഗാനങ്ങൾ ശേഖരിക്കൽ, അവതരിപ്പിക്കൽ (സയൻസ് ക്ലബ്ബിൽ) | ഒക്ടോബർ | സയൻസ് ക്ലബ്ബ് | |
| 3. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക, ലാബ് സജ്ജമാക്കുക | * പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെ വിവിധ വസ്തുക്കളെ തിരിച്ചറിയുന്നു<br>* വിവിധ പരീക്ഷണങ്ങളിലേർപ്പെടുക<br>* ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക<br>* മണ്ണ്, ജലം എന്നിവയുടെ പി.എച്ച്. മൂല്യം കണ്ടെത്തുക.<br>* ഭക്ഷ്യവസ്തുക്കളിലടങ്ങിയിരിക്കുന്ന മായം കണ്ടെത്താനുള്ള പരീക്ഷണങ്ങളിലേർപ്പെടൽ<br>* ആസിഡ്, ആൽക്കലി സ്വഭാവമുള്ള വസ്തുക്കളെ തിരിച്ചറിയുന്നു<br>* പാരമ്പര്യ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തുന്നു. ഊർജ്ജ സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നു. | നവംബർ | | |

**മേഖല : അക്കാദമികം** **ഉപമേഖല : അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാനുഭവം വളർത്തി യെടുക്കുന്നു. | * വിവിധതരം ഉത്തോലകങ്ങൾ പരിചയപ്പെടുന്നു, അവയുടെ ഉപയോഗം ഫലപ്രദമാക്കുന്നു<br>* ശാസ്ത്രവുമായ് ബന്ധപ്പെട്ട വിവിധ ഉപകരണങ്ങളുടെ നിർമ്മാണം, ജലചക്രം, സീസോ, സൈഫൺ നിർമ്മാണം, ശ്വാസകോശം | ഒക്ടോബർ | സയൻസ് ക്ലബ്ബ്<br>പി.റ്റി.എ,<br>എം.പി.റ്റി.എ | |
| 4. ശാസ്ത്രരംഗത്തെ നൂതനാശ യങ്ങൾ കുട്ടികളെ പരിചയ പ്പെടുത്തുന്നു. ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്തുക. | * ഐ.സി.റ്റി. സാധ്യത ഉപയോഗപ്പെടുത്തുന്നു<br>* ശാസ്ത്ര പുസ്തകം പരിചയപ്പെടുത്തൽ<br>* ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി അഭിനന്ദിക്കുന്നു | ശാസ്ത്ര | അദ്ധ്യാപിക | |
| 5. ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക | * വിവിധ ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു | ജനുവരി മുതൽ ഫെബ്രുവരി വരെ | | |
| 4. ശാസ്ത്രങ്ങളുടെ നേട്ടങ്ങ ളിൽ അഭിമാനിക്കുക | * ബഹിരാകാശവുമായ് ബന്ധപ്പെട്ട വിവരങ്ങൾ കുട്ടികളിലെത്തിക്കാൻ ഐ.സി.റ്റി. സാധ്യത ഉപയോഗപ്പെടുത്തുന്നു.<br>* ശാസ്ത്രരംഗത്തുണ്ടായ പുരോഗമനാത്മകമായ കണ്ടു പിടുത്തങ്ങൾ പത്രങ്ങളിലൂടെയും മറ്റ് മാധ്യമങ്ങളിലൂ ടെയും വ്യക്തമാക്കി കുട്ടികൾക്ക് നൽകുന്നു.<br>* തുമ്പ സന്ദർശനം | മാർച്ച് | എസ്.ആർ.ജി കൺവീനർ | |

**മേഖല : അക്കാദമികം** **ഉപമേഖല : അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 7. പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.<br>നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക. | * അടുത്തുള്ള കുളം, തോട്, വനം എന്നിവ സന്ദർശിച്ച് അവയിലുള്ള വിവിധ ജീവജാലങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ നിലനിൽപ്പ് തിരിച്ചറിയുക<br>* വിത്തുകൾ പാകുന്നത് മുതൽ അത് ഫലം ലഭ്യമാക്കുന്നത് വരെയുള്ള വിവിധ ഘട്ടങ്ങൾ നിരീക്ഷിച്ച് വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്തുന്നു. | ഒരു വർഷം | ശാസ്ത്ര അദ്ധ്യാപിക<br>എസ്.ആർ.ജി. കൺവീനർ | |
| ശാസ്ത്രാഭിമുഖ്യം വളർത്തുക | * സയൻസ് പാർക്ക് അഡാപ്റ്റഡ് സയൻസ് ലാബ് ഉപയോഗിച്ചുള്ള നിർമ്മാണം | ” | ശാസ്ത്രാ ധ്യാപിക | പൂർവ്വ വിദ്യാർത്ഥികൾ |
| | | | | |

**മേഖല : അക്കാദമികം** **ഉപമേഖല : സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രപഠനം | * സാമൂഹ്യശാസ്ത്രലാബ്, വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കുക | ജൂൺ-ജൂലൈ | സാമൂഹ്യശാസ്ത്ര ടീച്ചർ എസ്.ആർ.റ്റി. | |
| 2. പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ | * ചരിത്ര അന്വേഷണ യാത്രകൾ<br>* സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ, നടത്തുന്നു. ഫീൽഡ് ടിപ്പ് (സമീപത്തുള്ള സ്ഥലങ്ങൾ) | ജൂലൈ 16 മുതൽ ആഗസ്റ്റ് | സാമൂഹ്യശാസ്തം | |
| 3. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ ഉത്തരവാദിത്വം തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നു | * പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ച<br>* അസമത്വം, ലിംഗഭേദം, സാമൂഹ്യനീതി, അഭിനിവേശം, ബാലവേല, പട്ടിണി ചൂഷണം തുടങ്ങിയ സാമൂഹ്യ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനും പ്രതികരിക്കാനും | ഒക്ടോബർ | | |
| 4. ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുത്തു | * സ്കൂൾ ജനാധിപത്യ പദ്ധതി ശക്തിപ്പെടുത്തൽ, തെരഞ്ഞെടുപ്പു പ്രക്രിയ പരിചയപ്പെടൽ അവസരം ഒരുക്കുക.<br>* മോക്ക് പാർലമെന്റ് പത്രികാ സമർപ്പണം, പ്രചരണം, ബാലറ്റുപേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ തിരഞ്ഞെടുപ്പ് പ്രക്രിയയെകുറിച്ച് മനസ്സിലാക്കുന്നു. | നവംബർ മുതൽ | സാമൂഹ്യശാസ്ത്ര ടീച്ചർ എസ്.ആർ.ജി. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യ കൾ സാമൂഹ്യ ശാസ്ത്ര പഠനത്തിനായി ഉപയോ ഗിക്കുക. | * ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തുക.<br>* പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>* അക്ഷാംശ രേഖാംശ രേഖകൾ പരിചയപ്പെടുത്തുന്നു.<br>* സൗരയൂഥ കുടുംബങ്ങൾ, വൻകരകൾ, സമുദ്രങ്ങൾ, സമുദ്രയാത്രാപഥം തുടങ്ങിയവ കണ്ടെത്താം.<br>* രാജ്യങ്ങളും സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും, രാജ്യത്തിന്റെ പതാകകളും തിരിച്ചറിയാൻ സഹായിക്കുന്നു | പ്രതിദിനം | സാമൂഹ്യശാസ്ത്ര ടീച്ചർ | |
| 6. സമൂഹത്തിന്റെ പൊതുസ്വ ഭാവം വിശകലം ചെയ്യാ നും, സമൂഹത്തെക്കുറിച്ച് മനസ്സിലാക്കാനും സഹായി ക്കുക. | * ലഹരി വിരുദ്ധ പ്രവർത്തനം, വ്യത്യസ്ത ദിനാചരണങ്ങൾ, സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് വിദഗ്ദരെ പങ്കെടുപ്പിച്ചുള്ള ചർച്ചകൾ, അഭിമുഖം എന്നിവ നടത്തുന്നു.<br>* ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധ വൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>* ഉപന്യാസം തയ്യാറാക്കൽ | | സാമൂഹ്യശാസ്ത്ര ടീച്ചർ | |
| 7. ആനുകാലിക വിഷയങ്ങ ളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീ കരിക്കുക | * ഡിബേറ്റ്, സമകാലിക പ്രശസ്തിയുള്ള സാമൂഹ്യ ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം എന്നിവ നടത്തുന്നു. | വർഷത്തിൽ രണ്ട് | സാമൂഹ്യശാസ്ത്ര ടീച്ചർ, എസ്.ആർ.ജി. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. സാമൂഹ്യശാസ്ത്രത്തോടുള്ള അഭിരുചി വളർത്തൽ | * ക്വിസ് മത്സരങ്ങൾ, പ്രസംഗം, സ്കിറ്റ് റോൾ, പ്ലേ എന്നിവ സംഘടിപ്പിക്കുന്നു<br>* എല്ലാ ക്ലാസ്സുകളിലും ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ അവതരിപ്പിക്കുന്നു. (ഉദാ.5,6,7 ക്ലാസ്സുകളിൽ)<br>5–ാം ക്ലാസ്സിൽ പ്രപഞ്ചം എന്ന മഹാത്ഭുതം<br>6–ാം ക്ലാസ്സിൽ വൈവിധ്യങ്ങളുടെ ലോകം<br>7–ാം ക്ലാസ്സിൽ യൂറോപ്പ്, പരിവർത്തനപാതയിൽ<br>* സ്വതന്ത്ര്യ സമരസേനാനികളെയും മഹാന്മാരേയും ആദരിക്കുന്നു.<br>* സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി ഓരോ ക്ലാസ്സിൽ ബ്രയിൽ ലിപിയിൽ കൈയ്യെഴുത്തു മാസിക തയ്യാറാക്കുന്നു, പ്രദർശിപ്പിക്കുന്നു, അവതരിപ്പിക്കുന്നു (അധ്യാപികയുടെ സഹായത്തോടെ) | വർഷത്തിൽ ഒന്ന് | സാമൂഹ്യശാസ്ത്ര ടീച്ചർ<br>എസ്.ആർ.ജി. | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്ത നങ്ങളിലേർപ്പെടാൻ കുട്ടികളെ ബോധവന്മാരാക്കുക. | ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുക, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാക്കുക. | വർഷത്തിൽ ഒന്ന് | സാമൂഹ്യശാസ്ത്ര ടീച്ചർ<br>എസ്.ആർ.ജി. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9. സാമൂഹ്യശാസ്ത്രത്തെ വിശാലമായ കാഴ്ചപ്പാടിലൂടെ കണ്ടെത്തി അവതരിപ്പിക്കുന്നു. | * സാമൂഹ്യ ശാസ്ത്ര ലൈബ്രറിയിൽ നിന്ന് അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസ്, മാസികകൾ, ഇയർബുക്കുകൾ, ജേർണൽ, ബുക്ക്ലെറ്റ്, പഴയകാല പത്രങ്ങൾ എന്നിവ ശേഖരിച്ച് വായനാകോർണർ ഒരുക്കുന്നു. | | | |
| 10. സാമൂഹ്യശാസ്ത്ര അറിവുമായി ബന്ധപ്പെട്ട ആനുകാലിക സംഭവങ്ങൾ പരിചയപ്പെടുത്തുന്നു. | * വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് വായിക്കാൻ പറ്റിയ വിധത്തിലുള്ള ലാർജ് പ്രിന്റിലും ബ്രയിൽ ലിപിയിലും എടുത്ത് ബുള്ളറ്റിൻ ബോർഡിൽ പ്രസിദ്ധീകരിക്കുന്നു.<br>* എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ കുട്ടികൾക്ക് വായിച്ചു കൊടുക്കുന്നു. (ചോക്ലേറ്റ്, പടിപ്പുര) | പ്രതിദിനം | സാമൂഹ്യശാസ്ത്ര ടീച്ചർ | |
| 11. കുടുംബ ബജറ്റുകൾ വിശകലനം ചെയ്യുകയും അവയുടെ ആവശ്യകത തിരിച്ചറിയുകയും ചെയ്യുന്നു. | * ഒരു കുടുംബത്തിന്റെ ആഴ്ചയിലുള്ള വരുമാനം, പ്രതിമാസ വരുമാനം, വാർഷിക വരുമാനം എന്നിവ പരിശോധിച്ച് നിഗമനത്തിൽ എത്തുന്നു. | പ്രതിദിനം | സാമൂഹ്യശാസ്ത്ര ടീച്ചർ, സാമൂഹ്യ ക്ലബ്, എസ്.ആർ. ജി. കൺവീനർ | |
| ടീച്ചിംഗ് മോഡൽസ് നിർമ്മാണം | * ഭൂപടങ്ങൾ, സോളാർ സിസ്റ്റം പരീക്ഷണ നിരീക്ഷണത്തിന് ഉപകരിക്കുന്ന പഠനോപകരണങ്ങൾ | 1 വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്, പി.റ്റി.എ. എസ്.ആർ.ജി. | |

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യാബോധം രൂപപ്പെടുത്തൽ<br>ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രയോഗിക്കൽ | * വിവിധ വലിപ്പത്തിലുള്ള മുത്ത് അതുപോലുള്ള മറ്റു സാധനങ്ങൾ വേർതിരിച്ച് എണ്ണി തിട്ടപ്പെടുത്തൽ<br>* ടെയ്‌ലർ ഫ്രെയിം<br>* അബാക്കസ് എന്നിവയുടെ സഹായത്തോടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ജൂൺ<br>ജൂലൈ<br>മാസം | എസ്.ആർ.ജി. |
| ഭാരം, അളവ്, ദൂരം എന്നിവ അറിയുന്നു | * വിവിധ അളവുകൾ ഗ്രഹിക്കുന്നതിനായി ലിറ്റർ പാത്രം, ത്രാസ് എന്നിവയുടെ സഹായത്തോടെ അളവിലും തൂക്കത്തിലുമുള്ള വ്യത്യാസം തിരിച്ചറിയുന്നു | 1 മാസം | ടീച്ചേഴ്സ് |
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നു | * ബ്രയിൽ കിറ്റ് ഉപയോഗിച്ച് വിവിധ ഷെയ്പ്പുകൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ പരിചയപ്പെടുന്നു. ഗണിതവുമായി ബന്ധമുള്ള കളികൾ നടത്തുന്നു. | 1 മാസം | ഗണിത അദ്ധ്യാപിക |
| പട്ടിക ഉറപ്പിക്കുന്നു | * പട്ടിക ഉറപ്പിക്കുന്നതിനായി വിവിധ സാധനങ്ങൾ കൂട്ടങ്ങളായി തിരിക്കുന്നു. | 1 മാസം | എസ്.ആർ.ജി. |
| ചരങ്ങൾ പരിചയപ്പെടൽ | * ചരങ്ങൾ അഭ്യസിക്കുന്നതിനായി ടൈപ്പ്സ് ഉപയോഗിക്കുന്നു. | 1 മാസം | ഗണിത അദ്ധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിതാ അധ്യാപകർ |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | വിഷൻ എം.പവർമെന്റിലെ വ്യക്തികളുമായി യോജിച്ച് കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | ആവശ്യാനുസരണം | ഗണിതാ അധ്യാപകർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം, ജിയോജിബ്രാ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.റ്റി. സാധ്യതകൾ ഉൾപ്പെടുത്തികൊണ്ട് കുട്ടികളിലെത്തിക്കുന്നു. | ആവശ്യാനുസരണം | ഗണിതാ അധ്യാപകർ |
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ, ജ്യാമതീയ രൂപങ്ങളുടെ നിർമ്മാണം ഗണിത കേളികൾ | ആവശ്യാനുസരണം | ഗണിതാ അധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്ക | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആവശ്യാനുസരണം | ഗണിതാ അധ്യാപകർ |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിക ളുടെ വികാസവും | <u>ഒറിഗാമി ശിൽപ്പശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈനരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷ തകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| * ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | | |
| * ഗണിത മേളയിൽ കുട്ടിക ളുടെ താൽപര്യം വർദ്ധിപ്പി ക്കൽ | <u>ഗണിത ഗ്രാമം</u><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാല യങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ)<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലസ്സുകൾ കൈകാര്യം ചെയ്യുക. | വർഷത്തിൽ രണ്ട് തവണ | ഗണിത അധ്യാപകർ |
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അദ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ടമാർഗ നിർദ്ദേശങ്ങൾ നൽകുന്നു.<br>പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | മാസത്തിൽ ഒന്ന് | ഗണിത അദ്ധ്യാപകരും സമർഥരായ കുട്ടികളും |

**മേഖല : അക്കാദമികം** **ആരോഗ്യ കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് സ്വതന്ത്രമായി ഒരു സ്ഥലത്തു നിന്നും മറ്റു സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാൻ | * ആരോഗ്യ കായിക വിദ്യാഭ്യാസം കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ പരിശീലന പരിപാടികൾ<br>* എക്സർസൈസുകൾ, മാസ് പി.റ്റി. | ജൂൺ 1 മുതൽ | ടീച്ചർ |
| 2. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത കുട്ടികളിൽ എത്തിക്കുക. | * എയ്റോബിക്, സ്ട്രെച്ചിംഗ് എക്സസൈസ്, യോഗ മുതലായവ ക്ലാസ്സ് അടിസ്ഥാനത്തിൽ ചെയ്യിക്കൽ | ജൂലൈ, ആഗസ്റ്റ് | സ്റ്റാഫ് & പി.ടി.എ. |
| 3. ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക | * കുട്ടികൾക്ക് ആവശ്യമായ ശുദ്ധജല ലഭ്യതയ്ക്കു വേണ്ട പ്രവർത്തനം | സെപ്തംബർ, ഒക്ടോബർ | മുതിർന്ന കുട്ടികളുടെ സഹായം കാര്യക്ഷമമാക്കൽ |
| 4. ഓറിയന്റേഷൻ & മൊബിലിറ്റിയുടെ പ്രാധാന്യം പഠിപ്പിക്കുക | * ഓരോ കുട്ടികളുടെയും കായികക്ഷമത മനസ്സിലാക്കുന്നു. ക്ലാസ്സ് പി.ടി.എ. നടത്തി നിരന്തരം വിലയിരുത്തുന്നു.<br>* ശാരീരിക പരിമിതികളെ അതിജീവിച്ച് പഠിപ്പിക്കുന്നു.<br>* നിരന്തരമായ പരിശീലനത്തിന് ആവശ്യമായ സഹായം ഉറപ്പാക്കുന്നു. | സഹായം<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | മാതൃസംഘം പ്രവർത്തകരെ ചുമതലപ്പെടുത്തൽ<br>ഹെഡ്മിസ്ട്രസ്, ടീച്ചേഴ്സ്, രക്ഷിതാക്കൾ എന്നിവരുടെ ചുമതലകൾ |
| 5 സെമിനാറുകൾ സംഘടിപ്പിക്കുക | ജീവിതശൈലീ രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയെക്കുറിച്ച് ബോധവൽക്കരിക്കുക. | വർഷത്തിൽ ഒന്ന് | ആരോഗ്യപ്രവർത്തകർ |
| 6 സ്പോർട്സ് ഡേ കായിക ശേഷി അളക്കുന്നതിനുള്ള ടെസ്റ്റുകൾ കുട്ടികളുടെ മികവുകൾ കണ്ടെത്തൽ | വിവിധതരം കായിക മത്സരങ്ങൾ | വർഷത്തിൽ ഒന്ന് | കായികഅധ്യാപകർ പി.റ്റി.എ. |

**മേഖല : അക്കാദമികം** **കലാ വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. കലാപഠനം കുട്ടികളിൽ മാനസികോല്ലാസം സാധ്യ മാക്കുന്നു | * കലാമേഖലയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു | ജൂൺ 1 മുതൽ | ടീച്ചർ (കലാ അധ്യാപകർ) |
| 2. നിരന്തരമായ കലാപരിശീല നത്തിലൂടെ ലോകപ്രശസ്തി വരെ നേടാം | * സ്വരങ്ങളുടെ സാധകത്തിലൂടെ സംഗീതത്തിലും ഉപകരണത്തിലും അടിസ്ഥാന അറിവ് നൽകുന്നു. പാട്ടുകൾ പഠിപ്പിക്കുന്നു | സെപ്തംബർ മുതൽ | ടീച്ചർ (കലാ അധ്യാപകർ) |
| 3. കലോപാസന കുട്ടികളെ സന്മാർഗത്തിലേയ്ക്ക് നയിക്കു കയും അങ്ങനെ ഭാവി തലമു റയെ നല്ല ഒരുസമൂഹമാക്കി വാർത്തെടുക്കുകയു ചെയ്യാം | * കലാപ്രവർത്തനം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാരംഗം പരിപാടി മാസംതോറും സ്കൂളിൽ നടത്തുന്നു | മാർച്ച് വരെ | ടീച്ചർ (കലാ അധ്യാപകർ) |
| 4. അതുപോലെ മിക്ക രോഗ ങ്ങൾക്കും ഒരൗഷധിയാണ് സംഗീതംപോലുള്ള കലകൾ | * ഒഴിവ് സമയങ്ങളിൽ കുട്ടികളെ സി.ഡിയിലും റേഡിയോയിലും പാട്ടുകൾ കേൾപ്പിക്കുന്നു | | |
| കരകൗശല നിർമ്മാണം നൈ പുണി ആർജ്ജിക്കുന്നു. | * പലതരത്തിലുള്ള വർണ്ണക്കടലാസ് ഉപയോഗിച്ച് പൂക്കൾ നിർമ്മാണം<br>* പേപ്പറുകൾ ഉപയോഗിച്ച് രൂപങ്ങൽ സൃഷ്ടിക്കുന്ന ഒറിഗാമി | ജൂൺ, ജൂലൈ ആഗസ്റ്റ് | പ്രവൃത്തി പരിചയം (അധ്യാപകർ) |

**മേഖല : അക്കാദമികം** **പ്രവർത്തിപരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | * മുത്തുകൾ ഉപയോഗിച്ച് ആഭരണങ്ങൾ മറ്റു വസ്തുക്കളുടെ നിർമ്മാണം പരിശീലനം<br>* മുത്തുകൾ ഉപയോഗിച്ച് ആഭരണങ്ങൾ മറ്റു വസ്തുക്കളുടെ നിർമ്മാണം പരിശീലനം<br>* പ്ലാസ്റ്റീക് cane ഉപയോഗിച്ച് ഫ്ളവർ വെയ്സ് നിർമ്മാണം<br>* കയർ ഉപയോഗിച്ച് മാറ്റുണ്ടാക്കുന്നു. | | |
| പാഴ്‌വസ്തു പരിപാലനം | * പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണം<br>* ഉപയോഗ ശൂന്യമായ കുപ്പികൾ, ചിരട്ട, ചകിരി, പഴതുണി മറ്റ് പലവസ്തുക്കൾ ഉപയോഗിച്ച് വിവിധ അലങ്കാര വസ്തുക്കളുടെ നിർമ്മാണം. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | |
| മാധ്യമങ്ങളും വിനോദങ്ങളും | * നമുക്കു ചുറ്റും നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയുള്ള നൈപുണികൾ<br>* പത്രം വായിച്ചു കൊടുക്കുക<br>* വിദ്യാലയം വിശേഷങ്ങൾ<br>* ക്ലാസ്മുറി പ്രവർത്തനങ്ങൾ<br>* നവമാധ്യമരംഗത്തെ അപകടങ്ങളെയും സുരക്ഷിതത്വത്തെപ്പറ്റിയുള്ള വിവരങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുക.<br>* കംമ്പ്യൂട്ടർ പരിശീലനങ്ങൾ | ഡിസംബർ<br>ജനുവരി | പ്രവൃത്തി പരിചയം<br>(അധ്യാപകർ) |
| ഭക്ഷ്യ വ്യവസായം | * ആരോഗ്യകരമായ ജീവിതത്തിന് പോഷകസമ്പുഷ്ടമായ ആഹാരം അത്യാവശ്യമാണ്. നമ്മുടെ ചുറ്റുപാടുകളിൽ നിന്നും ലഭ്യമാക്കുന്ന ഭക്ഷ്യവിഭവങ്ങളിൽ ധാരാളം പോഷക പോഷകഘടകങ്ങളെപ്പറ്റി കുട്ടികളെ ബോധവൽക്കരിക്കുക | ഫെബ്രുവരി<br>മാർച്ച് | പ്രവൃത്തി പരിചയം<br>(അധ്യാപകർ) |

**മേഖല : അക്കാദമികം** **ഉപമേഖല : സംഗീതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഗീത ആസ്വാദനശേഷി വർദ്ധിപ്പിക്കുന്നു. | * വിവിധ ശാഖകളിലുള്ള ഗാനങ്ങൾ കോൾപ്പിക്കുന്നു<br>* ഗാനത്തിനൊപ്പം താളം പിടിക്കുവാൻ പരിശീലിപ്പിക്കുന്നു.<br>* പശ്ചാത്തല വാദ്യോപകരണങ്ങളെ പരിചയപ്പെടുത്തുന്നു.<br>* പാട്ടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്ന രാഗങ്ങളെ പരിചയപ്പെടുത്തുന്നു.<br>* പാട്ടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്ന രാഗങ്ങളെ പരിചയപ്പെടുത്തുന്നു.<br>* ഒരേ രാഗത്തിലും, ഒരേ താളത്തിലും ഉള്ള ഗാനങ്ങൾ കണ്ടെത്തി അവ തിരിച്ചറിയുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. | ജൂൺ-ഓഗസ്റ്റ് | കലാ അധ്യാപകർ |
| വിവിധ വാദ്യോപകരണങ്ങളെ പരിചയപ്പെടുത്തുന്നു | * അവയിൽ ഉപയോഗിച്ചിരിക്കുന്ന വാദ്യോപകരണങ്ങൾ കണ്ടെത്താൻ കുട്ടികളോട് നിർദ്ധേശിക്കുന്നു.<br>* ചിത്രങ്ങളുടെയും, വീഡിയോയുടെയും സഹായത്താൽ വാദ്യോപകരണങ്ങളുടെ ഘടനയും പ്രയോഗവും മനസ്സിലാക്കുന്നു.<br>* ചുറ്റുപാട് നിന്നും ശേഖരിച്ച വസ്തുക്കൾക്കൊണ്ട് ലഘു വാദ്യോപകരണങ്ങൾ നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നു. | സെപ്റ്റംബർ<br>ഡിസംബർ | കലാ അധ്യാപകർ<br>എസ് ആർ ജി |

# പ്രവർത്തന വിശകലനം

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

കുട്ടികളുടെ ബ്രയിൽ എഴുത്തും വായനയും മെച്ചപ്പെടുത്തുന്നതിന് ക്ലാസ്സ് ടൈമിനു പുറമെ അദ്ധ്യാപകരുടെ സഹായത്തോടെ പരിശീലനം നൽകുന്നു.

പത്രം വായിച്ചുകൊടുത്ത് പ്രധാനപ്പെട്ട വാർത്തകൾ എഴുതിപ്പിക്കുന്നു.

ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുകയും അതിൽ നിന്ന് കുട്ടികൾ സ്വായത്തമാക്കിയ ആശയങ്ങൾ എഴുതിക്കുകയും ചെയ്യുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കഥ, കവിതാപതിപ്പുകൾ തയ്യാറാക്കുകയും ക്വിസ് മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു.

കമ്മ്യൂണിക്കേറ്റീവ് സ്കിൽ വികസിപ്പിക്കുന്നതിനുവേണ്ടി ക്ലാസ്സ് ടൈമിനു പുറമെ പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കുന്നു.

ഹിന്ദി ഭാഷ പഠനം എളുപ്പമാക്കുന്നതിന് പ്രത്യേക ക്ലാസ്സുകൾ നൽകുന്നു.

വിദ്യാരംഗം കലാ-സാഹിത്യവേദി മുടങ്ങാതെ നടക്കുന്നു.

## മധ്യകാലം

അനുരൂപീകരണം വരുത്തിയ പഠനോപകരണങ്ങൾ ഉപയോഗിച്ച് ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം എന്നിവ പഠിപ്പിക്കുന്നു.

ഗണിത പഠനത്തിന് അബാക്കസ്, ടെയിലർ ഫെയിം, ജ്യോമെട്രിക്കൽ കിറ്റ് എന്നിവ ഉപയോഗിക്കുന്നു.

ഓരോ വിഷയത്തിനും അനുയോജ്യമായ ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ആരോഗ്യ- കായിക വിദ്യാഭ്യാസത്തിനായി ഹെൽത്ത് ക്ലബ്ബ്, ഫിസിക്കൽ എഡ്യൂക്കേഷൻ, മൊബിലിറ്റി ഓറിയന്റേഷൻ എന്നിവ നടത്തുന്നു.

## ദീർഘകാല പ്രവർത്തനങ്ങൾ

ശാസ്ത്രമൂലയ്ക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം

ശാസ്ത്ര-സാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങൽ പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ

ബാലസാഹിത്യം ബ്രയിൽ ലിപിയിൽ എഴുതി ബ്രയിൽ പുസ്തക രൂപത്തിലാക്കുന്നു.

സയൻസ്പാർക്ക് നിർമ്മാണം

ഗണിതപാർക്ക് നിർമ്മാണം

സ്കൂൾ വരാന്തയിൽ എംബോസ്ഡ് മാപ്പ്, ഇംഗ്ലീഷ്, മലയാള അക്ഷരങ്ങൾ

ലോവിഷൻ എക്യുപ്പ്മെന്റ്സിന്റെ വാങ്ങൽ

## സഹായം

പി.റ്റി.എ., പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംഷികൾ

# ഉപസംഹാരം

കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗം കാലങ്ങളായി ദർശിച്ചിട്ടില്ലാത്ത രീതിയിൽ ഒരു നവോത്ഥാനത്തിന് തുടക്കം കുറിച്ചിരിക്കുന്നു. അവയുടെ സാക്ഷാത്ക്കാരത്തിനായി ഉണർന്ന് പ്രവർത്തിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. സ്പെഷ്യൽ സ്കൂൾ എന്ന തലത്തിൽ നിന്നുകൊണ്ടാണ് ഞങ്ങൾ കർമ്മ പദ്ധതികൾ രൂപകല്പന ചെയ്തിരിക്കുന്നത്. കാഴ്ച പരിമിതിയുള്ള കുട്ടികൾക്കും വിദ്യാഭ്യാസ തുല്യത ഉറപ്പാക്കാൻ കഴിയുന്ന പദ്ധതികൾ, ആസൂത്രണം ചെയ്ത് വിജയത്തിലെത്തിക്കാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസത്തിലാണ്.

വിദ്യാഭ്യാസ രംഗത്തെ ഈ തലമുറ, പ്രശ്നങ്ങളിൽ നിന്നും മോചനം നേടി-തുല്യത എന്നിവ ഉറപ്പാക്കാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു. ഓരോ പ്രായത്തിലും കുട്ടികൾ നേടണം എന്ന് ആഗ്രഹിക്കുന്ന കരിക്കുലം വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ എത്താൻ കഴിയും എന്ന വിശ്വാസമാണ് ലക്ഷ്യം വച്ചിരിക്കുന്നത്.

സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ ജനാധിപത്യമൂല്യങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതികാവബോധം, വിമർശനാവബോധം, ലിംഗനീതിബോധം എന്നീ ലക്ഷ്യങ്ങൾ പൊതുവിദ്യാഭ്യാസ മേഖലകളിൽ നിന്നും ഉറപ്പാക്കാൻ കഴിയും എന്ന് വിശ്വസിക്കുന്നു.

കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനായി പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുമാറാകട്ടെ എന്ന് ആശംസിക്കുന്നു.